# പതിനാലാം കേരള നിയമസഭ

നാലാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട
ചോദ്യം നമ്പർ :*132 — 06-03-2017 ൽ മറുപടിയ്ക്ക്

## പരമ്പരാഗത നെൽകൃഷി സംരക്ഷണം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. ശ്രീ.സി.കെ.നാണു<br>ശ്രീ. കെ. കൃഷ്ണൻകുട്ടി<br>ശ്രീ. കെ.ബി.ഗണേഷ് കുമാർ<br>ശ്രീ. കോവൂർ കുഞ്ഞുമോൻ | ശ്രീ. വി.എസ്. സുനിൽകുമാർ<br>(കൃഷി വകുപ്പ് മന്ത്രി) |

| | |
|---|---|
| (എ) സംസ്ഥാനത്ത് പരമ്പരാഗത നെൽകൃഷി സംരക്ഷണത്തിനായി എന്തെല്ലാം നടപടികളാണ് ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നത് എന്ന് വ്യക്തമാക്കാമോ; ഇതിനായി കർഷകർക്ക് പ്രത്യേക ധനസഹായം നൽകി വരുന്നുണ്ടെങ്കിൽ അത് സംബന്ധിച്ച കാര്യങ്ങൾ വിശദമാക്കാമോ; | (എ) കേരളത്തിൽ അന്യം നിന്നുകൊണ്ടിരിക്കുന്ന പരമ്പരാഗത നെൽകൃഷി സംരക്ഷണത്തിനും ആയതിന്റെ വിസ്തീർണ്ണം പരമാവധി വർദ്ധിപ്പിച്ച് ഉല്പാദനം വർദ്ധിപ്പിക്കുക എന്ന ലക്ഷ്യത്തോടുകൂടി സംസ്ഥാന സർക്കാർ "പ്രത്യേക നെല്ലിനങ്ങളുടെ വികസനം" എന്ന പദ്ധതി നടപ്പിലാക്കിവരുന്നു.<br>പ്രത്യേക നെല്ലിനങ്ങളുടെ വികസനത്തിനായി ഈ വർഷം 150 ലക്ഷം രൂപ വകയിരുത്തി 1500 ഹെക്ടർ സ്ഥലത്ത് ഈ കൃഷി നടപ്പിലാക്കിവരുന്നു. ഹെക്ടറിന് 10,000/- രൂപ എന്ന നിരക്കിലാണ് സബ്സിഡി അനുവദിച്ചിട്ടുള്ളത്. ഈ പദ്ധതി 6 ജില്ലകളിലായാണ് നടപ്പിലാക്കിവരുന്നത്. (ആലപ്പുഴ, എറണാകുളം, തൃശ്ശൂർ, പാലക്കാട്, കണ്ണൂർ, വയനാട്) ഞവര, പൊക്കാളി, ജീരകശാല, ഗന്ധകശാല, രക്തശാലി എന്നീ ഇനങ്ങളാണ് പ്രധാനമായും കൃഷി ചെയ്യുന്നത്. വയനാട് ജില്ലയിലെ ആദിവാസികളുടെ പരമ്പരാഗത നെൽകൃഷി പ്രോത്സാഹിപ്പിക്കുന്നതിനും, പരമ്പരാഗത വിത്തിനങ്ങളുടെ സംരക്ഷണത്തിനുമായി പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കും. |
| (ബി) സംസ്ഥാനത്ത് ഏത് ജില്ലയിലാണ് ഏറ്റവും കൂടുതലായി പരമ്പരാഗത | (ബി) സംസ്ഥാനത്ത് എറണാകുളം, വയനാട് എന്നീ ജില്ലകളിലാണ് ഏറ്റവും കൂടുതലായി |

| | | | |
|---|---|---|---|
| | രീതിയിൽ നെൽകൃഷി ചെയ്തുവരുന്നതെന്ന് വ്യക്തമാക്കാമോ; | | പരമ്പരാഗത രീതിയിൽ നെൽകൃഷി ചെയ്തുവരുന്നത്. എറണാകുളം ജില്ലയിൽ പൊക്കാളി കൃഷിയാണ് നടപ്പിലാക്കിവരുന്നത്. ഈ ജില്ലകളിലെ തീരപ്രദേശങ്ങളിൽ 100% ജൈവരീതിയിലാണ് കൃഷി നടപ്പിലാക്കുന്നത്. ജൂൺ മാസം മുതൽ ഒക്ടോബർ മാസം വരെയാണ് ഇതിന്റെ സീസൺ. 2016-2017 വർഷം എറണാകുളം ജില്ലയിൽ 400 ഹെക്ടർ പൊക്കാളി കൃഷി ചെയ്തുവരുന്നു. വയനാട് ജില്ലയിൽ 340 ഹെക്ടർ സ്ഥലത്ത് ജീരകശാല, ഗന്ധകശാല, ഞവര എന്നിവ കൃഷി ചെയ്തുവരുന്നു. |
| (സി) | പരമ്പരാഗത നെൽകൃഷി സംരക്ഷണത്തിനായി സർക്കാർ മുന്നിട്ടിറങ്ങണമെന്നാവശ്യപ്പെട്ട് ഏതെങ്കിലും അപേക്ഷ ലഭിച്ചിട്ടുണ്ടോ; എങ്കിൽ അതിന്മേൽ എന്തു നടപടി സ്വീകരിച്ചു എന്ന് വിശദമാക്കാമോ? | (സി) | പരമ്പരാഗത നെൽകൃഷി സംരക്ഷിക്കുന്നതിനായി പരമ്പരാഗത നെല്ലിനങ്ങളുടെ വിത്ത് ബാങ്ക് സ്ഥാപിക്കുന്നതിന് 300 ലക്ഷം രൂപയുടെ ഒരു പദ്ധതിയ്ക്ക് G.O.(Rt.)No.163/2017/Agri. Dated 17/02/2017, കൃഷി വകുപ്പ് പ്രകാരം 2016-2017 വർഷം അനുമതി നൽകിയിട്ടുണ്ട്. അഞ്ച് വർഷംകൊണ്ട് നിലവിലെ നെൽകൃഷിയുടെ വിസ്തൃതി 200,000 ഹെക്ടറിൽ നിന്നും 300,000 ഹെക്ടറായി വർദ്ധിപ്പിക്കാൻ സർക്കാർ വിഭാവനം ചെയ്യുന്നുണ്ട്. 2017-2018 വാർഷിക പദ്ധതിയിൽ സ്പെഷ്യൽ അഗ്രിക്കൾച്ചറൽ സോണിൽ പ്രത്യേക നെല്ലിനങ്ങളുടെ വികസന പദ്ധതിയുൾപ്പെടുത്തി കുട്ടനാട്, പാലക്കാട്, കോൾമേഖല, വയനാട് എന്നീ ജില്ലകളിൽ പദ്ധതി അംഗീകാരം ലഭിയ്ക്കുന്ന മുറയ്ക്ക് കൃഷി ഭവൻ തലത്തിൽ നടപ്പിലാക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ